പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3996 | 19.03.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർതട നിയമം ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ വൻകിടപദ്ധതികൾക്കായി സ്ഥലമെടുപ്പ് സുഗമമാക്കുന്നതിന് നെൽ വയൽ തണ്ണീർതട നിയമം ഭേദഗതി ചെയ്തിട്ടുണ്ടോ; | (എ) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ബി) നിലം നികത്തുന്നതിന് പ്രാദേശിക സമിതികളുടെ അനുമതി വേണമെന്ന 2008-ലെ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാനുള്ള പ്രത്യേക സാഹചര്യമെന്തെന്ന് വിശദമാക്കാമോ;<br><br>(സി) സർക്കാർ തലത്തിൽ തീരുമാനമെടുത്ത പദ്ധതികൾക്ക് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ വീണ്ടും അനുമതി നൽകണമെന്ന നെൽവയൽ തണ്ണീർതട നിയമത്തിലെ വ്യവസ്ഥ, വൻകിട പദ്ധതികൾക്കായി വയൽ നികത്തി തുടങ്ങുന്നതിന് വിഘാതം സൃഷ്ടിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) യും (സി) യും സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ പദ്ധതികൾക്കായി നെൽവയൽ നികത്തുന്നതിന് സർക്കാർ പ്രത്യേക അനുമതി നൽകുന്നതിന് പ്രാദേശിക തല നിരീക്ഷണ സമിതിയുടെ ശിപാർശ നിർബന്ധമാക്കേണ്ടതില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഭേദഗതി വരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**